# ST. TERESA'S COLLEGE, ERNAKULAM
(AUTONOMOUS)

Affiliated to Mahatma Gandhi University

# COMMON COURSE
# MALAYALAM
## For B. A, B. Sc & B. Com

Under Choice Based Credit & Semester System
(2015 Admissions Onwards)

# സെന്റ് തെരേസാസ് കോളേജ് (ഓട്ടോണമസ്),
# എറണാകുളം

## മലയാളം സിലബസ്
## കോമൺ കോഴ്സ്- ബി.എ., ബി.എസ്.സി, ബി.കോം

(സി.ബി.സി.എസ്.എസ്-2015 അഡ്മിഷൻ)

# Board of Studies 2014-15
# Department of Malayalam

| Sl. No. | Name &Designation | Address for Communication | Mob.No. | Emali ID | Remarks |
|---|---|---|---|---|---|
| 1 | Dr.N.Anilkumar Prof.&HOD(Rtd), Dept. of Malayalam, Sree Kerala Varma College,Thrissur (Now-Emirates Fellow of Kerala University) | B- 0,Lord Saikripa Apts, Peringavu P.O Thrissur-680018 | 9447530942 | anisudhatyl@gmail.com | Chairman |
| 2 | Dr. K.M Bharathan,Associate Professor&Head, Dept.of Cultural Heritage Studies, Malayalam University Tirur. | Dr. K.M Bharathan, AssociateProfessor & Head, Dept.of Cultural Heritage Studies, Malayalam University, Tirur | 9496729299 | drkmbharathan@gmail.com | University Nominee |
| 3 | Prof.S.Usha, Principal, Sree Narayana Guru College of Legal Studies, Kollam , Kerala - 691001.(Former Principal of Govt.Law College,Trivandrum, Thrissur & Ernakulam) | Principal,Sree Narayana Guru College of Legal Studies, Karbala Junction,Kollam, Kerala 691001 | 9605040302 | sngcls@gmail.com | Industry |
| 4 | Dr.Thara K Simon, Associate Professor,Botany, U C College,Aluva | Dr.Thara K Simon Associate Professor,Botany, U C College,Aluva | 9847037605 | tharasimon@yahoo.com | Alumnae |
| 5 | Dr. K.M Anil, Assistant Professor, Dept. of Malayalam and Kerala Studies University of Calicut. | Dr. K.M Anil, Assistant Professor, Department of Malayalam and Kerala Studies University of Calicut. | 9633699793 | ayansarang@gmail.com | Expert |
| 6 | Dr.Sheeba.M.Kurian, Assistant Professor, Dept.of Malayalam, Karyavattom Campus, University of Kerala, TVM | Dr.Sheeba.M.Kurian Asst.Professor Dept.of Malayalam, Karyavattom Campus, University of Kerala,TVM, | 9495672559 | sheebakurian@gmail.com | Expert |
| 7 | Dr. Seleena K.V, Assistant Professor, Dept. of Malayalam, St.Teresa's College | | 9447845326 | drseleenakv@yahoo.com | HOD |
| 8 | Dr.Saumya Baby, Assistant Professor, Dept. of Malayalam, St.Teresa's College | | 9447474688 | Saumyamanoj26@gmail.com | Member |

# Acknowledgement

The new restructured syllabus has been shaped under the expert guidance of Dr. N Anilkumar (Chairman of BOS), Former HOD, Dept. of Malayalam, Sree Kerala Varma College, Thrissur. We greatfully acknowledge all the members of the Board of studies for lending their expertise and contributing in the overall formation of the curriculum.

The guidance of Dr. Beena Job Associate Professor, Department of English and IQAC Co-ordinator and Dr. Latha Nair, Associate Professor, Department of English and member of the Governing Council helped give shape to the overall structure.I wish to express my sincere thanks to Dr.N. J. Rao,Visiting Professor, International Institute of Information Technology, Bangalore and Dr. Rajan Gurukal, Former Vice-Chancellor, M.G. University, currently Visiting Professor, Centre for Contemporary Studies, Indian Institute of Science, for their selfless and timely service and for giving us all the help and guidance we needed. I also acknowledge my thanks to Dr. Achuthshankar S. Nair, Professor & Head, Department of Computational Biology and Bio Informatics, University of Kerala, for his invaluable suggestions.

**Dr. Seleena K.V (HOD)**

**Dept.of Malayalam**

**St.Teresa's College, Ernakulam**

# Foreword

The Higher Education environment is changing rapidly in India and particularly so in the year 2014-15, when the Government of Kerala decided to give autonomy to13 educational institutions  in the state with the aim of improving quality. Quality in Higher education has been a matter of high concern and priority in India especially after the National Policy on Education 1986 has very categorically questioned the impact of education and suggested many measures for bringing innovative practices in education.

The autonomous status asks for more responsibility and increased accountability to frame a curriculum keeping in mind the ever changing academic environment and the plethora of demands placed by the diversity of students who have a high literacy level when it comes to choosing their course.

Keeping in mind that the purpose of Higher Education is the development of the people, society and environment, special care has been taken by the IQAC team at St. Teresa's College to give the necessary Orientation and to conduct Workshops related to curricula and scientific syllabus design as part of the Faculty Development Programme. Curriculum relates to the total experience of the student and it should contain knowledge that is essentially valid. The Graduate and Post Graduate Departments have worked diligently to frame curricula and develop programmes that foster analytical ability and critical thinking and enable the students to acquire the skills required by employers. The pedagogy adopted within the context of curriculum is to facilitate valid transmission of knowledge and proper evaluation of the same. The Courses designed at the Graduate and Post Graduate Levels have defined the competencies to enable effective teaching/learning of all the modules of the courses, both Core (compulsory) and Designate (elective). The blueprint of the final assessment of every course guarantees that all modules are taught and furthers integrity. The details of the course curriculum and structure are set in accordance with the course specifications of the affiliating university.

With sincere gratitude I acknowledge the efforts of Dr. N. J. Rao and Dr. Rajan Gurukkal who extended to us their academic expertise, astute guidance and unstinting support. I also thank Dr. Achuthshankar S. Nair for his timely guidance. I specially thank all the faculty members and the IQAC coordinator Dr. Beena Job for their diligence, commitment and exceptional contribution towards this endeavour.

**Dr. Sr. Celine E**

# ഉള്ളടക്കം


| | | | പുറം |
|---|---|---|---|
| 1. | ആമുഖം | – | 1 |
| 2. | കോഴ്സിന്റെ ഉദ്ദേശ്യം | – | 1 |
| 3. | ലക്ഷ്യം | – | 1 |
| 4. | ഗ്രാജ്വേറ്റ് ആട്രിബ്യൂട്ട്സ്/പ്രോഗ്രാം ഔട്ട്കം | – | 1 |
| 5. | സ്കീം | – | 2 |
| 6. | മൂല്യ നിർണ്ണയം | – | 3 |
| 7. | ബി.എ/ബി.എസ്.സി.സെമസ്റ്റർ ഒന്ന് | – | 4–5 |
| | മൂല്യനിർണ്ണയം | – | 6 |
| | ബ്ലൂപ്രിന്റ് | – | 7 |
| 8. | ബി.എ/ബി.എസ്.സി.സെമസ്റ്റർ രണ്ട് | – | 8–9 |
| | മൂല്യനിർണ്ണയം | – | 10 |
| | ബ്ലൂപ്രിന്റ് | – | 11 |
| 9. | ബി.എ/ബി.എസ്.സി.സെമസ്റ്റർ മൂന്ന് | – | 12 –13 |
| | മൂല്യനിർണ്ണയം | – | 14 |
| | ബ്ലൂപ്രിന്റ് | – | 15 |
| 10. | ബി.എ/ബി.എസ്.സി.സെമസ്റ്റർ നാല് | – | 16–17 |
| | മൂല്യനിർണ്ണയം | – | 18 |
| | ബ്ലൂപ്രിന്റ് | – | 19 |
| 11. | ബി.കോം. സെമസ്റ്റർ ഒന്ന് | – | 20 –21 |
| | മൂല്യനിർണ്ണയം | – | 22 |
| | ബ്ലൂപ്രിന്റ് | – | 23 |
| 12. | ബി.കോം. സെമസ്റ്റർ രണ്ട് | – | 24–25 |
| | മൂല്യനിർണ്ണയം | – | 26 |
| | ബ്ലൂപ്രിന്റ് | – | 27 |
| 13. | മാതൃകാ ചോദ്യപേപ്പർ ബി.എ/ബി.എസ്.സി | – | 28 |
| 14. | മാതൃകാ ചോദ്യപേപ്പർ ബി.കോം | | |

# മലയാളം സിലബസ്

## കോമൺ കോഴ്സ് - ബി.എ., ബി.എസ്.സി, ബി.കോം

### ആമുഖം (Preamble)

ബി.എ, ബി.എസ്.സി ബിരുദ വിദ്യാർത്ഥികൾക്കുവേണ്ടി കോമൺ കോഴ്സ് മലയാളത്തിൽ നാല് സെമസ്റ്ററുകളാണ് ഉള്ളത്. 'സാഹിത്യ പഠനം, എന്ന ഈ കോഴ്സിൽ വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനും വായനയിലൂടെയും ചർച്ചയിലൂടെയും ഗ്രഹണപ്രാപ്തിയും വിനിമയ ശേഷിയും വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. നാലു സെമസ്റ്ററിലും കൂടി മലയാള ഭാഷയെയും സാഹിത്യരൂപങ്ങളെയും അറിയുകയും ഭാഷയുടെ വ്യാവർത്തക സ്വഭാവവും ആത്മപ്രകാശനശേഷിയും വിദ്യാർത്ഥികൾ മനസിലാക്കുകയും ചെയ്യേണ്ടതാണ്. നവസാങ്കേതികവിദ്യയിലും ഭാഷാപ്രയോഗങ്ങളിലും വിദ്യാർത്ഥികൾ നൈപുണ്യം നേടുകയും ചെയ്യണം. സാഹിത്യവും സമൂഹവും-ഭാഷയും കലയും തമ്മിലുള്ള പാരസ്പര്യവും പരിവർത്തനസ്വഭാവവും ഗ്രഹിക്കുവാൻ ഈ കോഴ്സ് വിദ്യാർത്ഥികളെ സഹായിക്കും.

ബി.കോം വിദ്യാർത്ഥികൾക്ക് രണ്ട് സെമസ്റ്ററാണ് മലയാളം പഠിക്കുന്നതിനുള്ളത്. 'സാഹിത്യവും രചനയും' എന്ന ഈ കോഴ്സിൽ സാഹിത്യരൂപങ്ങളെ പരിചയപ്പെടുകയും കമ്പ്യൂട്ടർ മലയാളം, വ്യവഹാരരൂപങ്ങൾ, കത്ത്, നിവേദനങ്ങൾ എന്നിങ്ങനെ വാണിജ്യശാസ്ത്ര വിദ്യാർത്ഥികൾക്ക് മാതൃഭാഷ ഉപയുക്തമാക്കാവുന്ന മേഖലകൾ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയുമാണ് ഉദ്ദേശിക്കുന്നത്.

### കോഴ്സിന്റെ ഉദ്ദേശ്യം (Aim of the Course)

മാതൃഭാഷയായ മലയാളത്തെ കൂടുതൽ അറിയുകയും ഭാഷാസാഹിത്യരൂപങ്ങൾ ആസ്വദിക്കുകയും അതുവഴി ധാർമ്മികബോധവും സാമൂഹ്യപ്രതിബദ്ധതയും വളർത്തുകയുമാണ് കോഴ്സ് ലക്ഷ്യമാക്കുന്നത്. ചെറുകഥ, നോവൽ, കഥ, കവിത, ആത്മകഥ, ജീവചരിത്രം, നാടകം, സിനിമ, വിമർശന ലേഖനങ്ങൾ എന്നിങ്ങനെ സാഹിത്യത്തിന്റെ എല്ലാവിധ രൂപങ്ങളും നാലു സെമസ്റ്ററുകളിലായി വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക എന്നതും ഉദ്ദേശ്യത്തിൽപ്പെടുന്നു. സാഹിത്യപരിചയം വഴി സാമൂഹ്യബോധവും വ്യക്തിത്വവികാസവും സാദ്ധ്യമാക്കുക എന്നാണ് മുഖ്യഉദ്ദേശ്യം.

### ലക്ഷ്യം (Objectives)

1. വായനയിലൂടെ ആസ്വാദനശേഷി വളർത്തുക
2. വിശകലനപ്രാപ്തി വളർത്തുകയും സാമൂഹികാവബോധം രൂപപ്പെടുത്തുകയും ചെയ്യുക.
3. സൗന്ദര്യാത്മകചിന്ത വളർത്തുക.
4. നവചിന്തകൾ, ആശയങ്ങൾ എന്നിവ ഗ്രഹിക്കാൻ വിദ്യാർത്ഥികളെ പര്യാപ്തരാക്കുക.
5. സാഹിത്യവും സാമൂഹ്യപരിവർത്തനവും തമ്മിലുള്ള ബന്ധം മനസിലാക്കുക.
6. മലയാളഭാഷയുടെ ഉപയോഗം കംമ്പ്യൂട്ടറിൽ എങ്ങനെയെന്ന് പഠിക്കുക.
7. ഗദ്യഭാഷയിൽ വിനിമയപ്രാപ്തി നേടുകയും സർഗ്ഗാത്മക രചനയ്ക്ക് പ്രാപ്തരാക്കുകയും ചെയ്യുക.
8. ആത്മകഥ -ജീവചരിത്രം എന്നിവയിലൂടെ മഹദ്ജീവിതങ്ങളെ മനസിലാക്കുകയും വ്യക്തിത്വവികസനം സാധ്യമാക്കുകയും ചെയ്യുക.

### പ്രോഗ്രാം ഔട്ട്കം (Graduate Attributes)

★ വിദ്യാർത്ഥികളിൽ ആസ്വാദന ശേഷി വളരുന്നു.

★ വിശകലനപ്രാപ്തിക്കുള്ള കഴിവു നേടുന്നു.

★ കലയും സാഹിത്യവും ജീവിതവുമായുള്ള പാരസ്പര്യം മനസിലാക്കുന്നു.

★ ആശയവിനിമയശേഷി നേടുന്നു

★ വ്യക്തിത്വവികാസവും ആത്മവിശ്വാസവും വർദ്ധിക്കുന്നു

★ സാഹിത്യത്തിലുണ്ടായ കാലികമാറ്റങ്ങൾ ഗ്രഹിക്കുന്നു.

★ സാങ്കേതികവിദ്യാപഠനം സാധ്യമാക്കുകയും ഭാഷാവിനിമയശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

**Scheme:**

## Scheme of Distribution of Instructional hour's for Common Courses
## BA/B.Sc & B.Com- Additional Language - Malayalam

| Semester | Title of the Course | No. of Hrs. Per Week | Total Credits | Total Hours |
|---|---|---|---|---|
| ഒന്ന് ബി.എ/ ബി.എസ്.സി. | സർഗ്ഗാത്മക സാഹിത്യം- ചെറുകഥ, നോവൽ | 4 | 4 | 72 |
| രണ്ട് ബി.എ/ ബി.എസ്.സി. | സർഗ്ഗാത്മക സാഹിത്യം- മലയാള കവിത | 4 | 4 | 72 |
| മൂന്ന് ബി.എ/ ബി.എസ്.സി. | ദൃശ്യകലാസാഹിത്യം | 5 | 4 | 90 |
| നാല് ബി.എ/ ബി.എസ്.സി. | ഗദ്യം- രചന, പ്രയോഗം | 5 | 4 | 90 |
| ഒന്ന് ബി.കോം. | സർഗ്ഗാത്മക സാഹിത്യം - ചെറുകഥ, കവിത | 4 | 4 | 72 |
| രണ്ട് ബി.കോം. | സാഹിത്യം, രചന | 4 | 4 | 72 |

# മൂല്യനിർണ്ണയം

| | |
|---|---|
| a) നിരന്തര മൂല്യനിർണ്ണയം | 20 മാർക്ക് |
| b) വാർഷിക മൂല്യനിർണ്ണയം | 80 മാർക്ക് |
| ആകെ | 100 മാർക്ക് |

**a) നിരന്തര മൂല്യനിർണ്ണയം**

| | |
|---|---|
| നിയോഗാഭ്യാസം | 5 മാർക്ക് |
| ക്ലാസ്സ് പരീക്ഷ | 10 മാർക്ക് |
| അറ്റൻഡൻസ് | 5 മാർക്ക് |
| ആകെ | 20 മാർക്ക് |

**b) വാർഷിക മൂല്യനിർണ്ണയം**

| നൈപുണികൾ | മാർക്ക് ശതമാനം |
|---|---|
| ഓർമ്മ | 10 % |
| വിലയിരുത്തൽ | 10 % |
| പ്രയോഗം | 10% |
| മനസ്സിലാക്കൽ | 60% |
| സർഗ്ഗാത്മകത | 10% |
| ആകെ | 100% |

## കോഴ്സ് : ബി.എ/ബി.എസ്.സി
## കോമൺ കോഴ്സ് - മലയാളം

**സെമസ്റ്റർ** : ഒന്ന്
**കോഴ്സിന്റെ പേര്** : സർഗ്ഗാത്മക സാഹിത്യം - ചെറുകഥ, നോവൽ
**കോഴ്സ് കോഡ്** : MA1 AT01B
**പഠനസമയം** : 72 മണിക്കൂർ
**ക്രെഡിറ്റ്** : 4

**ഉദ്ദേശ്യം :**

മലയാളത്തിലെ ഗദ്യാഖ്യാനരൂപങ്ങളായ ചെറുകഥയും നോവലുമാണ് ഇവിടെ പഠനവിഷയങ്ങൾ. ചെറുകഥ ഏറ്റവും ശ്രദ്ധേയമായ ജനകീയ ഗദ്യാഖ്യാന രൂപമാണ്. അതിനാൽ സവിശേഷപഠനമാണ് ഉദ്ദേശിക്കുന്നത്. ഒരു നോവൽ മാത്രമാണ് വിശദപഠനത്തിനുള്ളത്. മലയാള നോവലിന്റെ ആരംഭം, പ്രമേയത്തിലും ആസ്വാദനത്തിലും ആദ്യകാല നോവലുകൾ പുലർത്തിയ രീതി, സാമൂഹിക പരിവർത്തനങ്ങളിൽ നോവൽ വഹിച്ച പങ്ക്, മലയാള സാഹിത്യത്തിലെ പ്രധാനപ്പെട്ട നോവലിസ്റ്റുകൾ (കാലഘട്ടമനുസരിച്ച്) ഇവ പരിചയപ്പെടുത്തണം.

**ലക്ഷ്യം:**

ചെറുകഥാചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളെയും പ്രവണതകളെയും പഠനവിധേയമാക്കുക സങ്കേതങ്ങളെക്കുറിച്ചുള്ള സാമാന്യധാരണ ഉണ്ടാക്കുക, ചെറുകഥ, നോവൽ ഇവയുടെ സാംസ്കാരികസൗന്ദര്യാത്മക വിശകലനത്തിലൂടെ വിദ്യാർത്ഥികളിൽ ആസ്വാദനശേഷിയും സർഗ്ഗാത്മകസിദ്ധിയും വളർത്തുക, പ്രമേയം, കഥാപാത്രചിത്രീകരണം ഇവയിൽ വന്ന പുതുപ്രവണതകളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുക എന്നിവയാണ് ലക്ഷ്യമാക്കുന്നത്.

**വിശദപഠനം:**

മൊഡ്യൂൾ 1: നവോത്ഥാനം - 13 മണിക്കൂർ

1. തകഴി - അവനുകിട്ടിയ നിധി
2. ബഷീർ - നീലവെളിച്ചം
3. കാരൂർ - മരപ്പാവകൾ

മൊഡ്യൂൾ 2 : കാൽപ്പനികത - 13 മണിക്കൂർ

1. എം.ടി - കുട്ട്യേടത്തി
2. ടി. പത്മനാഭൻ - ശേഖൂട്ടി
3. മാധവിക്കുട്ടി - കോലാട്

മൊഡ്യൂൾ 3 : ആധുനികത - 13 മണിക്കൂർ

1. ഒ.വി. വിജയൻ - കടൽത്തീരത്ത്
2. മുകുന്ദൻ - ഡൽഹി 1981
3. സാറാ ജോസഫ് - ഒടുവിലത്തെ സൂര്യകാന്തി

മൊഡ്യൂൾ 4 : ആധുനികാനന്തര കഥ - 13 മണിക്കൂർ

1. സന്തോഷ് ഏച്ചിക്കാനം - പന്തിഭോജനം
2. ഇ. സന്തോഷ്കുമാർ - മൂന്നുവിരലുകൾ
3. പ്രിയ എ.എസ് - സ്നേഹബഹുമാനപ്പെട്ട അന്നാമയ്ക്ക് ഗീതാലക്ഷ്മി എഴുതുന്ന കത്ത്

മൊഡ്യൂൾ 5: നോവൽ - 20 മണിക്കൂർ

മലയാറ്റൂർ രാമകൃഷ്ണൻ - വേരുകൾ

**വിദ്യാർത്ഥികളിൽ ഉൽപാദിതമാകുന്ന നൈപുണികൾ :**

1. ആസ്വാദനശേഷി വളരുന്നു.
2. വിശകലനപ്രാപ്തി വർദ്ധിക്കുന്നു.
3. സാമൂഹികാവബോധം ഉണ്ടാകുന്നു
4. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകശേഷി വികസിക്കുന്നു.
5. ഓരോ കാലഘട്ടത്തിലുള്ള സാഹിത്യരചനകളെ മുൻനിർത്തി സാഹിത്യവും സാമൂഹ്യ രൂപീകരണവും തമ്മിലുള്ള പാരസ്പര്യത്തെ അറിയുന്നു.

**സഹായക ഗ്രന്ഥങ്ങൾ:**


1. മലയാള ചെറുകഥാസാഹിത്യചരിത്രം - ഡോ. എം.എം. ബഷീർ
2. ചെറുകഥ ഇന്നലെ, ഇന്ന് - എം. അച്യുതൻ
3. കഥ, ആഖ്യാനവും അനുഭവസത്തയും - കെ.പി. അപ്പൻ
4. കഥയുടെ കഥ - കെ.എസ്. രവികുമാർ
5. 100 വർഷം, 100 കഥ - കെ.എസ്. രവികുമാർ
6. കഥയും ഭാവുകത്വപരിണാമവും - കെ.എസ്. രവികുമാർ
7. ചെറുകഥാ സാഹിത്യം - എം.പി. പോൾ
8. നോവൽ മലയാളത്തിൽ - കെ. അശോകൻ
9. മാറുന്ന മലയാള നോവൽ - കെ.പി. അപ്പൻ
10. അന്ധനായ ദൈവം മലയാള നോവലിന്റെ 100 വർഷങ്ങൾ- പി.കെ. രാജശേഖരൻ
11. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള
12. നോവൽ സാഹിത്യം - എം.പി. പോൾ
13. പെണ്ണെഴുതുന്ന ജീവിതം - എൻ.കെ. രവീന്ദ്രൻ
14. കഥ തേടുന്ന കഥ - എൻ. പ്രഭാകരൻ

# മൂല്യനിർണ്ണയം

| | |
|---|---|
| a) നിരന്തര മൂല്യനിർണ്ണയം | 20 മാർക്ക് |
| b) വാർഷിക മൂല്യനിർണ്ണയം | 80 മാർക്ക് |
| ആകെ | 100 മാർക്ക് |

**a) നിരന്തര മൂല്യനിർണ്ണയം**

| | |
|---|---|
| നിയോഗാഭ്യാസം | 5 മാർക്ക് |
| ക്ലാസ്സ് പരീക്ഷ | 10 മാർക്ക് |
| അറ്റൻഡൻസ് | 5 മാർക്ക് |
| ആകെ | 20 മാർക്ക് |

**b) വാർഷിക മൂല്യനിർണ്ണയം**

| നൈപുണികൾ | മാർക്ക് ശതമാനം |
|---|---|
| ഓർമ്മ | 10 % |
| വിലയിരുത്തൽ | 10 % |
| പ്രയോഗം | 10% |
| മനസ്സിലാക്കൽ | 60% |
| സർഗ്ഗാത്മകത | 10% |
| ആകെ | 100% |

# BLUE PRINT

## B.A/B.Sc Malayalam I Semester
## Paper I-MAIATOIB - Sargathmaka Sahithyam - Cherukatha, Novel

| **Module** | **1 marks 6/6** | **2 marks 7/10** | **6 marks 5/8** | **15 marks 2/4** | **Total 80** |
|---|---|---|---|---|---|
| Module I | 2 | 2 | 1 | | |
| Module II | 1 | 2 | 1 | 1 | |
| Module III | 1 | 2 | 2 | 1 | |
| Module IV | 1 | 2 | 2 | 1 | |
| Module V | 1 | 2 | 2 | 1 | |

## കോഴ്സ്: ബി.എ/ബി.എസ്.സി
## കോമൺ കോഴ്സ് - മലയാളം

**സെമസ്റ്റർ** : **രണ്ട്**
**കോഴ്സിന്റെ പേര്** : **സർഗ്ഗാത്മക സാഹിത്യം - മലയാള കവിത**
**കോഴ്സ് കോഡ്** : **MA2AT03B**
**പഠനസമയം** : **72 മണിക്കൂർ**
**ക്രെഡിറ്റ്** : **4**

**ഉദ്ദേശ്യം :**

കവിത എന്ന സാഹിത്യരൂപത്തെ പരിചയപ്പെടുക, മലയാളകാവ്യപ്രസ്ഥാനങ്ങളെക്കുറിച്ച് സാമാന്യമായി പഠിക്കുക, രചനാതന്ത്രങ്ങളിലും സൗന്ദര്യസങ്കൽപങ്ങളിലും വന്ന പരിവർത്തനങ്ങൾ ഗ്രഹിക്കുക എന്നതാണ് ഉദ്ദേശ്യം.

**ലക്ഷ്യം :**

വിദ്യാർത്ഥികളിൽ ആസ്വാദനശേഷി വളർത്തുക, സാമൂഹിക മുന്നേറ്റങ്ങളിൽ കവിതയും കവികളും വഹിച്ച പങ്ക് തിരിച്ചറിയുക, പുതുതലമുറയിലെ കവികളെയും അവരുടെ രചനകളെയും അറിയുക, വിവിധ കാവ്യരചനാ സങ്കേതങ്ങൾ പരിചയപ്പെടുക, സർഗ്ഗാത്മകശേഷിയെ പ്രോത്സാഹിപ്പിക്കുക, വായനാശീലവും, വിശകലനപ്രാപ്തിയും വർദ്ധിപ്പിക്കുക എന്നിവയാണ് ലക്ഷ്യം.

**വിശദപഠനം:**

മൊഡ്യൂൾ 1: പ്രാചീനകവിത - 18 മണിക്കൂർ

1. എഴുത്തച്ഛൻ - സുന്ദരകാണ്ഡം - സമുദ്രലംഘനം (ലവണജലനിധി... മുതൽ ഗോപുരാഗ്രേ കപീന്ദ്രൻ...വരെ)
2. കുഞ്ചൻ നമ്പ്യാർ - ഘോഷയാത്ര (എങ്കിലൊരുനാളുരഗദ്ധ്വജനും... മുതൽ കർണ്ണേചെന്നുപറഞ്ഞറിയിച്ചാൻ... വരെ)

മൊഡ്യൂൾ 2: നവോത്ഥാനകവിത - 14 മണിക്കൂർ

1. ആശാൻ - 'ചിന്താവിഷ്ടയായ സീത' (ആദ്യത്തെ 20 ശ്ലോകം)
2. വള്ളത്തോൾ - അച്ഛനും മകളും

മൊഡ്യൂൾ 3: പരിവർത്തനകവിത - 13 മണിക്കൂർ

1. ഇടശ്ശേരി - നെല്ലുകുത്തുകാരി പാറുവിന്റെ കഥ
2. ചങ്ങമ്പുഴ - മനസ്വിനി

മൊഡ്യൂൾ 4: ആധുനികകവിത - 12 മണിക്കൂർ

1. ആറ്റൂർ രവിവർമ്മ - സംക്രമണം
2. സുഗതകുമാരി - പാവം മാനവഹൃദയം

മൊഡ്യൂൾ 5: ആധുനികാനന്തരകവിത - 15 മണിക്കൂർ

1. കെ.ആർ ടോണി - വാഴക്കുല
2. വിജയലക്ഷ്മി - മൃഗശിക്ഷകൻ

**വിദ്യാർത്ഥികളിൽ ഉൽപാദിതമാകുന്ന നൈപുണികൾ:**

1. കാവ്യാസ്വാദനശേഷി വളരുന്നു.
2. സൗന്ദര്യാത്മക ചിന്ത വളരുന്നു.
3. വിവിധ കാവ്യശൈലിയുമായി പരിചയപ്പെടുന്നു.
4. സാമൂഹിക മുന്നേറ്റങ്ങളിൽ കവിത വഹിച്ച പങ്ക് തിരിച്ചറിയുന്നു.
5. വിവിധകാലഘട്ടം, കവി, കവിത എന്നിവയെക്കുറിച്ച് അറിവ് നേടുന്നു.
6. സർഗ്ഗാത്മകശേഷി വികസിക്കുന്നു.

**സഹായക ഗ്രന്ഥങ്ങൾ:**


1. മലയാള കവിതാസാഹിത്യചരിത്രം - ഡോ. എം. ലീലാവതി
2. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ - പ്രൊഫ. എരുമേലി പരമേശ്വരൻപിള്ള
3. ആധുനിക മലയാളസാഹിത്യം പ്രസ്ഥാനങ്ങളിലൂടെ- ജന. എഡി. ഡോ. കെ.എം. ജോർജ്ജ്
4. വർണ്ണരാജി - ഡോ.എം. ലീലാവതി
5. കൈരളിയുടെ കഥ - എൻ. കൃഷ്ണപിള്ള
6. കവിതയുടെ ഗ്രാമങ്ങൾ - ഇ.പി. രാജഗോപാലൻ
7. ആശാന്റെ സീതാകാവ്യം - പ്രൊഫ. സുകുമാർ അഴീക്കോട്
8. ആചാര്യസന്നിധിയിൽ - പ്രൊഫ. കെ.പി. ശങ്കരൻ
9. തുഞ്ചൻ പ്രബന്ധങ്ങൾ - കേരളസാഹിത്യ അക്കാദമി (എഡിറ്റിംഗ്)
10. കുഞ്ചൻ നമ്പ്യാർ - വാക്കും സമൂഹവും - കെ.എൻ. ഗണേഷ്
11. ആശാൻകവിത ആധുനികപാഠങ്ങൾ - ഡോ.പി. പവിത്രൻ
12. ആധുനികത മലയാളകവിതയിൽ - ഡോ.എൻ. അജയകുമാർ
13. പുതുകാലം പുതുകവിത - ദേവേശൻ പേരൂർ
14. മീനത്തിന്റെ മുഴക്കങ്ങൾ - എൻ. പ്രഭാകരൻ

# മൂല്യനിർണ്ണയം

| | |
|---|---|
| a) നിരന്തര മൂല്യനിർണ്ണയം | 20 മാർക്ക് |
| b) വാർഷിക മൂല്യനിർണ്ണയം | 80 മാർക്ക് |
| ആകെ | 100 മാർക്ക് |

**a) നിരന്തര മൂല്യനിർണ്ണയം**

| | |
|---|---|
| നിയോഗാഭ്യാസം | 5 മാർക്ക് |
| ക്ലാസ്സ് പരീക്ഷ | 10 മാർക്ക് |
| അറ്റൻഡൻസ് | 5 മാർക്ക് |
| ആകെ | 20 മാർക്ക് |

**b) വാർഷിക മൂല്യനിർണ്ണയം**

| നൈപുണികൾ | മാർക്ക് ശതമാനം |
|---|---|
| ഓർമ്മ | 10 % |
| വിലയിരുത്തൽ | 10 % |
| പ്രയോഗം | 10% |
| മനസ്സിലാക്കൽ | 60% |
| സർഗ്ഗാത്മകത | 10% |
| ആകെ | 100% |

# BLUE PRINT

## B.A/B.Sc Malayalam II Semester
## Paper I-MA2AT03B - Sargathmaka Sahithyam-Malayala Kavitha

| **Module** | **1 marks 6/6** | **2 marks 7/10** | **6 marks 5/8** | **15 marks 2/4** | **Total 80** |
|---|---|---|---|---|---|
| Module I | 2 | 2 | 2 | 1 | |
| Module II | 1 | 2 | 2 | 1 | |
| Module III | 1 | 2 | 2 | 1 | |
| Module IV | 1 | 2 | 1 | 1 | |
| Module V | 1 | 2 | 1 | | |

## കോഴ്സ്: ബി.എ/ബി.എസ്.സി
## കോമൺ കോഴ്സ് - മലയാളം

**സെമസ്റ്റർ : മൂന്ന്**
**കോഴ്സിന്റെ പേര് : ദൃശ്യകലാസാഹിത്യം**
**കോഴ്സ് കോഡ് : MA3AT05B**
**പഠനസമയം : 90 മണിക്കൂർ**
**ക്രെഡിറ്റ് : 4**

**ഉദ്ദേശ്യം:**

നാടകം, കഥകളി, സിനിമ എന്നീ ദൃശ്യ കലകളെ കൃതികളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തു പഠിക്കുക എന്നതാണ് ഈ കോഴ്സിന്റെ ഉദ്ദേശ്യം. സംസ്കൃത നാടകങ്ങളുടെ ശക്തമായ സ്വാധീനം ഭാരതത്തിലെ മിക്ക നാടകവേദികളിലും പ്രകടമാണ്. സ്വതന്ത്രനാടകങ്ങളുടെ ഉദയവികാസപരിണാമങ്ങൾക്ക് ഇത് പ്രേരണയായിട്ടുണ്ട്. സംസ്കൃതനാടകപരിഭാഷപഠനത്തിലൂടെ പ്രസ്തുത പഠനമേഖല പരിചയപ്പെടുത്തുകയെന്നതും ഉദ്ദേശ്യമാണ്. പ്രാദേശികമായ അതിരുകൾ ഭേദിച്ച് ലോകശ്രദ്ധ പിടിച്ചുപറ്റിയ കേരളത്തിന്റെ തനതു രംഗകലാരൂപമാണ് കഥകളി. കഥകളിയുടെ സാഹിത്യരൂപം എന്ന നിലയിൽ ആട്ടക്കഥയുടെ സവിശേഷ പഠനമാണ് മറ്റൊരു ഉദ്ദേശ്യം. ഏറ്റവും വലിയ ജനകീയ കലയാണ് സിനിമ. സിനിമയുടെ ബ്ലുപ്രിന്റാണ് തിരക്കഥ. പുതിയ സിനിമയിലെ കലാമൂല്യവും പ്രമേയങ്ങളുടെ കരുത്തും വിദ്യാർത്ഥികൾ തിരിച്ചറിയേണ്ടതുണ്ട്. മികച്ച സാഹിത്യകൃതികളുടെ തിരഞ്ഞെടുപ്പ്, കലാമേന്മയുള്ള തിരക്കഥയ്ക്കും മികച്ച സിനിമാപ്പിറവിക്കും കാരണമാകുന്നതെങ്ങനെ എന്ന് വിദ്യാർത്ഥികൾ മനസ്സിലാക്കേണ്ടതാണ്. അതിനാൽ സിനിമയുടെ വിശദപഠനം ഉദ്ദേശ്യത്തിൽപ്പെടുന്നു.

**ലക്ഷ്യം:**

മലയാളനാടകത്തിൽ നടക്കുന്ന പുത്തൻപരീക്ഷണങ്ങൾ ഗ്രഹിക്കാനും പുതിയ നാടകങ്ങളുടെ കരുത്തിനെ അറിയാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക, ലോക നാടകവേദിയിലെ മാറ്റങ്ങൾ മലയാളനാടകം ഉൾക്കൊള്ളുന്നത് എങ്ങനെയെന്ന് ഗ്രഹിക്കുക, മലയാള നാടകവും സാമൂഹികപരിവർത്തനവും തമ്മിലുള്ള പാരസ്പര്യം പഠിക്കുക, കലാപാരമ്പര്യത്തെ മനസ്സിലാക്കുകയും സിനിമയുടെ സ്വാധീനം സമൂഹത്തിൽ എങ്ങനെയാണെന്ന് അറിയുകയും സിനിമാഭാഷയുടെ അർത്ഥതലങ്ങൾ പഠിക്കുകയും ചെയ്യുക തുടങ്ങിയവയാണ് ലക്ഷ്യം.

**വിശദപഠനം:**

മൊഡ്യൂൾ 1 : സംസ്കൃത നാടകം -20 മണിക്കൂർ
മലയാളശാകുന്തളം (നാലാം അങ്കം) - എ.ആർ. രാജരാജവർമ്മ

മൊഡ്യൂൾ 2 : മലയാളനാടകം -26 മണിക്കൂർ
1. തൊഴിൽ കേന്ദ്രത്തിലേയ്ക്ക് - ഒരുകൂട്ടം സ്ത്രീകൾ
2. കുടുക്ക - പി.എം. താജ്

മൊഡ്യൂൾ 3 : കഥകളി -19 മണിക്കൂർ
നളചരിതം (രണ്ടാം ദിവസം) രംഗം 6,7

മൊഡ്യൂൾ 4 : സിനിമ -25 മണിക്കൂർ
നിർമ്മാല്യം (തിരക്കഥ)

**വിദ്യാർത്ഥികളിൽ ഉൽപാദിതമാകുന്ന നൈപുണികൾ:**

1. കലാസ്വാദനശേഷി വികസിക്കുന്നു.
2. ദൃശ്യകലാപാരമ്പര്യം പരിചയപ്പെടുന്നു.
3. കലാത്മകസാധ്യതകളേയും സാമൂഹിക പരിവർത്തനസാധ്യതകളേയും വിശകലന - വിമർശനാത്മകമായി പഠിക്കുന്നു.
4. നാടകത്തിലും സിനിമയിലും കാലികമായി സംഭവിച്ച മാറ്റങ്ങൾ തിരിച്ചറിയുന്നു.
5. കലയുടെ വിമർശനാത്മക മൂല്യത്തെ തിരിച്ചറിയുന്നു.
6. അനുകൽപ്പനം എന്ന സങ്കേതം ആഴത്തിൽ മനസ്സിലാക്കുന്നു.

**സഹായക ഗ്രന്ഥങ്ങൾ**


| | | |
|---|---|---|
| 1. മലയാളനാടകസാഹിത്യചരിത്രം | - | പ്രൊഫ. ജി. ശങ്കരപിള്ള |
| 2. നാടകപ്രവേശിക | - | ഏ.ഡി. ഹരിശർമ്മ |
| 3. പൗരസ്ത്യ നാടകദർശനം | - | പുത്തൻകാവ് മാത്തൻ തരകൻ |
| 4. മലയാളനാടകപ്രസ്ഥാനം | - | കാട്ടുമാടം നാരായണൻ |
| 5. നാടകദർപ്പണം | - | എൻ.എൻ.പിള്ള |
| 6. ചലച്ചിത്രത്തിന്റെ പൊരുൾ | - | വി. ജയകൃഷ്ണൻ |
| 7. കാഴ്ചയുടെ അശാന്തി | - | വി. രാജകൃഷ്ണൻ |
| 8. മലയാളസിനിമയുടെ കഥ | - | വി. ജയകൃഷ്ണൻ |
| 9. മലയാള സിനിമാപഠനങ്ങൾ | - | സി.എസ്. വെങ്കിടേശൻ |
| 10. സിനിമയുടെ ഇടങ്ങൾ | - | സി.വി. ബാലകൃഷ്ണൻ |
| 11. രംഗപ്രഭാവം | - | എം.ജി. യൂണിവേഴ്സിറ്റി |
| 12. വാക്കും ദൃശ്യവും | - | എം.ജി. യൂണിവേഴ്സിറ്റി |
| 13. മലയാള സിനിമയും സാഹിത്യവും | - | മധു ഇറവങ്കര |
| 14. കഥയും തിരക്കഥയും | - | ഡോ. ആർ.വി.എം. ദിവാകരൻ |
| 15. തിരക്കഥയുടെ രീതിശാസ്ത്രം | - | ഡോ. ജോസ്. കെ. മാനുവൽ |

# മൂല്യനിർണ്ണയം

| | |
|---|---|
| a) നിരന്തര മൂല്യനിർണ്ണയം | 20 മാർക്ക് |
| b) വാർഷിക മൂല്യനിർണ്ണയം | 80 മാർക്ക് |
| ആകെ | 100 മാർക്ക് |

**a) നിരന്തര മൂല്യനിർണ്ണയം**

| | |
|---|---|
| നിയോഗാഭ്യാസം | 5 മാർക്ക് |
| ക്ലാസ്സ് പരീക്ഷ | 10 മാർക്ക് |
| അറ്റൻഡൻസ് | 5 മാർക്ക് |
| ആകെ | 20 മാർക്ക് |

**b) വാർഷിക മൂല്യനിർണ്ണയം**

| നൈപുണികൾ | മാർക്ക് ശതമാനം |
|---|---|
| ഓർമ്മ | 10 % |
| വിലയിരുത്തൽ | 10 % |
| പ്രയോഗം | 10% |
| മനസ്സിലാക്കൽ | 60% |
| സർഗ്ഗാത്മകത | 10% |
| ആകെ | 100% |

# BLUE PRINT

## B.A/B.Sc Malayalam III Semester
## Paper I-MA3AT05B - Drishyakala Sahithyam

| Module | 1 marks 6/6 | 2 marks 7/10 | 6 marks 5/8 | 15 marks 2/4 | Total 80 |
|---|---|---|---|---|---|
| Module I | 2 | 3 | 2 | 1 | |
| Module II | 1 | 2 | 2 | 1 | |
| Module III | 2 | 2 | 1 | 1 | |
| Module IV | 1 | 3 | 3 | 1 | |

**കോഴ്സ് : ബി.എ/ബി.എസ്.സി**
**കോമൺ കോഴ്സ് - മലയാളം**

| | |
|---|---|
| **സെമസ്റ്റർ** | **: നാല്** |
| **കോഴ്സിന്റെ പേര്** | **: ഗദ്യം- രചന, പ്രയോഗം** |
| **കോഴ്സ് കോഡ്** | **: MA4AT06B** |
| **പഠനസമയം** | **: 90 മണിക്കൂർ** |
| **ക്രെഡിറ്റ്** | **: 4** |

**ഉദ്ദേശ്യം :**

വിവിധ ഗദ്യരൂപങ്ങൾ പരിചയപ്പെടുക, മലയാളത്തിൽ എഴുത്ത്, വായന, പ്രസിദ്ധീകരണം എന്നീ മേഖലകളിൽ വിവരസാങ്കേതികവിദ്യയിലുണ്ടായ ത്വരിതമാറ്റം അറിയുക, ഇ-സാഹിത്യം, ഇ-ബുക്ക്, ഇ-ലൈബ്രറി തുടങ്ങിയ സങ്കൽപങ്ങൾ, ബ്ലോഗുകൾ എന്ന അമേചർ പ്രസിദ്ധീകരണ മേഖല തുടങ്ങിയവ പരിചയപ്പെടുക എന്നതാണ് ഈ കോഴ്സുകൊണ്ട് ഉദ്ദേശിക്കുന്നത്. നാലു മൊഡ്യൂളായി ഈ കോഴ്സിനെ വിഭജിച്ചിരിക്കുന്നു. മൊഡ്യൂൾ ഒന്നിൽ കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങളുമായി ബന്ധപ്പെട്ട ഒരു ലേഖനം. പരിസ്ഥിതിപഠന സംബന്ധിയായ ഒരു ലേഖനം, വിദ്യാർത്ഥികൾക്ക് പ്രചോദനമേകുന്ന ഒരു വ്യക്തിയുടെ ജീവചരിത്രത്തിലെ ഭാഗം, സാമൂഹ്യ സാംസ്കാരികപ്രസക്തിയുള്ള ഒരു ലേഖനം എന്നിവയാണ് ഉൾപ്പെടുത്തേണ്ടത്. മൊഡ്യൂൾ രണ്ടിൽ എഴുത്തും വായനയും, ഭാഷാപ്രയോഗം, ഭാഷയിലെ ചിഹ്നങ്ങൾ, വാക്യരചന, സംഗ്രഹണം എന്നിവ ഉൾപ്പെടുന്നു. മൊഡ്യൂൾ മൂന്നിൽ കമ്പ്യൂട്ടർ അടിസ്ഥാന വിവരങ്ങൾ, കമ്പ്യൂട്ടറും മലയാള ഭാഷയും, ബ്ലോഗ് മലയാളം, മലയാളം കമ്പ്യൂട്ടിംഗ് തുടങ്ങിയവയുടെ പഠനമാണ് ഉൾപ്പെടുന്നത്. മൊഡ്യൂൾ നാലിൽ ആത്മകഥ എന്ന സാഹിത്യ ശാഖയെ പരിചയപ്പെടുന്നു. ഒരു ആത്മകഥ വിശദമായി പഠിക്കുന്നു.

**ലക്ഷ്യം:**

സർഗ്ഗാത്മക രചന, ആശയ വിനിമയം എന്നിവയ്ക്ക് പഠിതാക്കളെ പ്രാപ്തരാക്കുക, ആത്മകഥാ സാഹിത്യം പരിചയപ്പെടുക, വിവരസാങ്കേതിക വിദ്യയെപറ്റി സാമാന്യമായും മലയാള കമ്പ്യൂട്ടിംഗിന്റെ സമകാലിക പ്രവണതകളെയും പ്രാധാന്യത്തെയും കുറിച്ച് സവിശേഷമായും മനസ്സിലാക്കി അത് പ്രായോഗിക തലത്തിൽ ആവിഷ്കരിക്കാൻ പരിശീലിക്കുക ഇവയാണ് ലക്ഷ്യം.

**വിശദപഠനം:**

മൊഡ്യൂൾ 1 : 28 മണിക്കൂർ

| | | |
|---|---|---|
| 1. | അടുക്കള തിരിച്ചുപിടിക്കുക | - സാറാജോസഫ് |
| 2. | 21-ാം നൂറ്റാണ്ടിലെ വെല്ലുവിളികൾ | - സുഗതകുമാരി |
| 3. | മഹാകവി വള്ളത്തോൾ (രണ്ട് അദ്ധ്യായം) | - എം. ലീലാവതി |
| 4. | ജനാധിപത്യവിദ്യാഭ്യാസം-ചില ചിന്തകൾ | - ഡോ. കെ.എം. പണിക്കർ |

മൊഡ്യൂൾ 2 : 20 മണിക്കൂർ

1. എഴുത്തും വായനവും
2. വാക്യരചന
3. സംഗ്രഹണം
4. ഭാഷാപ്രയോഗം, ഭാഷയിലെ ചിഹ്നങ്ങൾ

(മാരാരുടെ മലയാളശൈലിയിൽനിന്ന് ഒരു ഭാഗം, എ.ആർ. രാജരാജവർമ്മയുടെ സാഹിത്യ സാഹ്യം ഉത്തരഭാഗത്തുനിന്ന് പദം, വാക്യം, രീതി, ശൈലികൾ എന്നിവ വിശദപഠനത്തിന്)

മൊഡ്യൂൾ 3 : 20 മണിക്കൂർ

1. കമ്പ്യൂട്ടർ അടിസ്ഥാന വിവരങ്ങൾ
2. കമ്പ്യൂട്ടറും മലയാള ഭാഷയും

3. ബ്ലോഗ്
4. മലയാളം കമ്പ്യൂട്ടിംഗ്(വിശദപഠനത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലയിലെ 'എഴുത്തിന്റെ വഴികൾ' എന്ന പുസ്തകത്തിലെ 'യന്ത്രഎഴുത്ത് എന്ന ഭാഗം.)

മൊഡ്യൂൾ 4 : 22 മണിക്കൂർ

1. ലളിതാംബിക അന്തർജ്ജനം - ആത്മകഥയ്ക്കൊരാമുഖം

## വിദ്യാർത്ഥികളിൽ ഉൽപാദിതമാകുന്ന നൈപുണികൾ:

1. വിനിമയ ശേഷിയുള്ള ഭാഷ സ്വായത്തമാക്കുന്നു.
2. ആശയം സംഗ്രഹിക്കാൻ വിദ്യാർത്ഥികൾ പഠിക്കുന്നു.
3. പുതിയ ഗദ്യരൂപങ്ങൾ പരിചയപ്പെടുന്നു.
4. ആത്മകഥ, ജീവചരിത്രം ഇവയുടെ പഠനത്തിലൂടെ വ്യക്തിത്വവികാസം നേടുന്നു.
5. ഭാഷയുടെ ആത്മപ്രകാശനശേഷി വിദ്യാർത്ഥികൾ സ്വായത്തമാക്കുന്നു.
6. സാങ്കേതിക വിദ്യാപഠനത്തിന്റെ ആവശ്യകത വിദ്യാർത്ഥികൾ തിരിച്ചറിയുന്നു.

## സഹായക ഗ്രന്ഥങ്ങൾ


1. ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും - ഡോ. ബി. ഇക്ബാൽ
2. ഇൻഫർമേഷൻ ടെക്നോളജി എന്ത്, എങ്ങനെ, എന്തിന് - ഡോ. ബി. ഇക്ബാൽ, കെ. രവീന്ദ്രൻ
3. ഇൻഫർമേഷൻ ടെക്നോളജി -ഡോ. അച്യുത് ശങ്കർ എസ്. നായർ
4. ആ ലോകം മുതൽ ഇ-ലോകം വരെ -ഡോ. ജെ.വി. വിളനിലം
5. സൈബർ മലയാളം - എഡി. സുനിത. ടി.വി
6. ഭാവുകത്വം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ - ജി. മധുസൂദനൻ
7. ഇന്റർനെറ്റും യൂണികോഡും മലയാളഭാഷാപ്രശ്നങ്ങളും(ലേഖനം) - ഡോ. മഹേഷ് മംഗലാട്ട്
8. മലയാളം ബ്ലോഗുകൾ-സാധ്യതകളുംപരിമിതികളും (ലേഖനം)-സുനിത. ടി.വി
9. കാവുതീണ്ടല്ലേ -സുഗതകുമാരി
10. പെരിയാർ കേരളത്തിന്റെ ജീവനാഡി - ഡോ. സി.എം. ജോയ്
11. ഇരുൾ വീഴും മുമ്പെ -ഡോ. കെ.എം. പണിക്കർ
12. ഇനി വായന ഈ വായന -വി.കെ. ആദർശ്
13. ബ്ലോഗിംഗ്- മാധ്യമലോകത്തെ വിപ്ലവവഴികൾ (ലേഖനം) - വി.കെ. ആദർശ്

# മൂല്യനിർണ്ണയം

| | |
|---|---|
| a) നിരന്തര മൂല്യനിർണ്ണയം | 20 മാർക്ക് |
| b) വാർഷിക മൂല്യനിർണ്ണയം | 80 മാർക്ക് |
| ആകെ | 100 മാർക്ക് |

**a) നിരന്തര മൂല്യനിർണ്ണയം**

| | |
|---|---|
| നിയോഗാഭ്യാസം | 5 മാർക്ക് |
| ക്ലാസ്സ് പരീക്ഷ | 10 മാർക്ക് |
| അറ്റൻഡൻസ് | 5 മാർക്ക് |
| ആകെ | 20 മാർക്ക് |

**b) വാർഷിക മൂല്യനിർണ്ണയം**

| നൈപുണികൾ | മാർക്ക് ശതമാനം |
|---|---|
| ഓർമ്മ | 10 % |
| വിലയിരുത്തൽ | 10 % |
| പ്രയോഗം | 10% |
| മനസ്സിലാക്കൽ | 60% |
| സർഗ്ഗാത്മകത | 10% |
| ആകെ | 100% |

# BLUE PRINT

## B.A/B.Sc Malayalam IV Semester
## Paper I-MA4AT06B - Gadyam-Rachana, Prayogam

| **Module** | **1 marks 6/6** | **2 marks 7/10** | **6 marks 5/8** | **15 marks 2/4** | **Total 80** |
|---|---|---|---|---|---|
| Module I | 2 | 3 | 3 | 2 | |
| Module II | 1 | 2 | 1 | 1 | |
| Module III | 2 | 2 | 1 | - | |
| Module IV | 1 | 3 | 3 | 1 | |

# കോഴ്സ് : ബികോം.
# കോമൺ കോഴ്സ് - മലയാളം

**സെമസ്റ്റർ** : ഒന്ന്
**കോഴ്സിന്റെ പേര്** : സർഗ്ഗാത്മക സാഹിത്യം - ചെറുകഥ, കവിത
**കോഴ്സ് കോഡ്** : MA1AT02B
**പഠനസമയം** : 72 മണിക്കൂർ
**ക്രെഡിറ്റ്** : 4

**ഉദ്ദേശ്യം:**

നവോത്ഥാന കഥ- കവിത, കാൽപ്പനിക കഥ- കവിത, ആധുനിക കഥ - കവിത, ആധുനികാനന്തര കഥ - കവിത എന്നിങ്ങനെ നാല് മൊഡ്യൂളുകളായാണ് ഈ കോഴ്സ് തിരിച്ചിരിക്കുന്നത്. രണ്ട് കഥ, രണ്ട് കവിത എന്നിങ്ങനെയാണ് വിഭജനം. ഓരോ മൊഡ്യൂളിലും മലയാളത്തിലെ ആഖ്യാന രൂപങ്ങളായ ചെറുകഥയും കവിതയുമാണ് പഠനവിഷയങ്ങൾ. ചെറുകഥ ഏറ്റവും ശ്രദ്ധേയമായ ജനകീയ ഗദ്യാഖ്യാനരൂപമാണ്. അതിനാൽ രണ്ടിന്റെയും സവിശേഷപഠനമാണ് ഉദ്ദേശിക്കുന്നത്. നവോത്ഥാനം, കാൽപ്പനികത, ആധുനികത, ആധുനീകാനന്തരത എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളെ സാമാന്യമായി പരിചയപ്പെടുത്തുക എന്നതും ഉദ്ദേശ്യമാണ്.

**ലക്ഷ്യം:**

മലയാള ഭാഷയിലെ കഥ, കവിത തുടങ്ങിയ സാഹിത്യരൂപങ്ങളെ സാമാന്യമായി പരിചയപ്പെടുന്നതിലൂടെ സ്വന്തം ഭാഷയോടും സാഹിത്യത്തോടുമുള്ള താൽപ്പര്യം സാഹിത്യാസ്വാദനത്തിലൂടെ വികസിപ്പിക്കുക, രചനാസങ്കേതങ്ങൾ ഗ്രഹിക്കുക, രണ്ട് സാഹിത്യരൂപങ്ങളുടെയും പ്രമേയത്തിലും സൗന്ദര്യസങ്കൽപ്പങ്ങളിലും വന്ന വ്യതിയാനങ്ങൾ തിരിച്ചറിയുക, കഥ, കവിത എന്നിവയുടെ വായനയ്ക്ക് വിദ്യാർത്ഥികളിൽ താൽപ്പര്യം ഉളവാക്കുക ഇവയാണ് ഈ കോഴ്സിന്റെ ലക്ഷ്യം.

**വിശദപഠനം:**

മൊഡ്യൂൾ 1 : നവോത്ഥാന കഥ- കവിത - 18 മണിക്കൂർ

1. കാരൂർ - പൊതിച്ചോറ്
2. ബഷീർ - ഒരു മനുഷ്യൻ
3. ആശാൻ - വീണപൂവ് (32 മുതൽ 41 വരെ ശ്ലോകം)
4. വൈലോപ്പിള്ളി - കണ്ണീർപ്പാടം

മൊഡ്യൂൾ 2 : കാൽപ്പനിക കഥ- കവിത - 18 മണിക്കൂർ

1. എം.ടി. - വാരിക്കുഴി
2. മാധവിക്കുട്ടി - പക്ഷിയുടെ മണം
3. ചങ്ങമ്പുഴ - കാവ്യനർത്തകി
4. പി. ഭാസ്കരൻ - ഓർക്കുക വല്ലപ്പോഴും

മൊഡ്യൂൾ 3 : ആധുനിക കഥ- കവിത - 18 മണിക്കൂർ

1. ഒ.വി. വിജയൻ - കടൽത്തീരത്ത്
2. സക്കറിയ - ഒരിടത്ത്
3. ബാലചന്ദ്രൻ ചുള്ളിക്കാട് - സന്ദർശനം
4. അയ്യപ്പപ്പണിക്കർ - കാടെവിടെ മക്കളേ

മൊഡ്യൂൾ 4: ആധുനികാനന്തര കഥ - കവിത - 18 മണിക്കൂർ

1. കെ.ആർ. മീര - ഓർമ്മയുടെ ഞരമ്പ്
2. സുഭാഷ് ചന്ദ്രൻ - തൽപ്പം
3. പി.പി. രാമചന്ദ്രൻ - ലൈബ്രേറിയൻമരിച്ചതിൽപ്പിന്നെ
4. വീരാൻകുട്ടി - പറക്കം

**വിദ്യാർത്ഥികളിൽ ഉൽപാദിതമാകുന്ന നൈപുണികൾ:**

1. ആസ്വാദനശേഷി വളരുന്നു.
2. വിശകലനപ്രാപ്തി വർദ്ധിക്കുന്നു
3. സാമൂഹികാവബോധം ഉണ്ടാകുന്നു
4. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകശേഷി വികസിക്കുന്നു.
5. ഓരോ കാലഘട്ടത്തിലുള്ള സാഹിത്യരചനകളെ മുൻനിർത്തി സാഹിത്യവും സാമൂഹ്യ രൂപീകരണവും തമ്മിലുള്ള പാരസ്പര്യത്തെ അറിയുന്നു.
6. സൗന്ദര്യാത്മകചിന്ത വളരുന്നു.
7. വിവിധ കാവ്യശൈലിയുമായി പരിചയപ്പെടുന്നു.
8. സാമൂഹിക മുന്നേറ്റങ്ങളിൽ കവിതയും കഥയും വഹിച്ച പങ്ക് തിരിച്ചറിയുന്നു.

**സഹായക ഗ്രന്ഥങ്ങൾ:**


1. മലയാള ചെറുകഥാ സാഹിത്യ ചരിത്രം - ഡോ. എം.എം. ബഷീർ
2. ചെറുകഥ ഇന്നലെ, ഇന്ന് - എം. അച്യുതൻ
3. കഥ, ആഖ്യാനവും അനുഭവസത്തയും - കെ.പി. അപ്പൻ
4. കഥയുടെ കഥ - കെ.എസ്. രവികുമാർ
5. വർണ്ണരാജി - ഡോ.എം. ലീലാവതി
6. ആശാൻ കവിത, ആധുനികാന്തര പാഠങ്ങൾ - ഡോ. പി. പവിത്രൻ
7. വാക്കുകളും വസ്തുക്കളും - ബി. രാജീവൻ
9. ചെറുകഥയുടെ ഛന്ദസ്സ് - വി. രാജകൃഷ്ണൻ
10. ശീർഷാസനം - പ്രൊഫ. എം.എൻ. വിജയൻ
11. മരുഭൂമികൾ പൂക്കുമ്പോൾ - പ്രൊഫ. എം.എൻ. വിജയൻ
12. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള
13. ആധുനികത മലയാളകവിതയിൽ - ഡോ.എൻ. അജയകുമാർ
14. പുതുകാലം പുതുകവിത - ദേവേശൻ പേരൂർ
15. മീനത്തിന്റെ മുഴക്കങ്ങൾ - എൻ. പ്രഭാകരൻ

# മൂല്യനിർണ്ണയം

| | |
|---|---|
| a) നിരന്തര മൂല്യനിർണ്ണയം | 20 മാർക്ക് |
| b) വാർഷിക മൂല്യനിർണ്ണയം | 80 മാർക്ക് |
| ആകെ | 100 മാർക്ക് |

**a) നിരന്തര മൂല്യനിർണ്ണയം**

| | |
|---|---|
| നിയോഗാഭ്യാസം | 5 മാർക്ക് |
| ക്ലാസ്സ് പരീക്ഷ | 10 മാർക്ക് |
| അറ്റൻഡൻസ് | 5 മാർക്ക് |
| ആകെ | 20 മാർക്ക് |

**b) വാർഷിക മൂല്യനിർണ്ണയം**

| നൈപുണികൾ | മാർക്ക് ശതമാനം |
|---|---|
| ഓർമ്മ | 10 % |
| വിലയിരുത്തൽ | 10 % |
| പ്രയോഗം | 10% |
| മനസ്സിലാക്കൽ | 60% |
| സർഗ്ഗാത്മകത | 10% |
| ആകെ | 100% |

# BLUE PRINT

## B.Com-Malayalam-Additional Language I Semester
## Paper I-MA1AT02B - Sargathmaka Sahityam-Cherukatha, Kavitha

| **Module** | **1 marks 6/6** | **2 marks 7/10** | **6 marks 5/8** | **15 marks 2/4** | **Total 80** |
|---|---|---|---|---|---|
| Module I | 2 | 3 | 2 | 1 | |
| Module II | 2 | 3 | 2 | 1 | |
| Module III | 1 | 2 | 2 | 1 | |
| Module IV | 1 | 2 | 2 | 1 | |

## കോഴ്സ് : ബി.കോം.
## കോമൺ കോഴ്സ് - മലയാളം

**സെമസ്റ്റർ** : രണ്ട്
**കോഴ്സിന്റെ പേര്** : സാഹിത്യം, രചന
**കോഴ്സ് കോഡ്** : MA2AT04B
**പഠനസമയം** : 72 മണിക്കൂർ
**ക്രെഡിറ്റ്** : 4

**ഉദ്ദേശ്യം:**

വാണിജ്യശാസ്ത്ര വിദ്യാർത്ഥികൾക്ക് മലയാള സാഹിത്യത്തിലെ നോവൽ, ആത്മകഥ എന്നീ സാഹിത്യ രൂപങ്ങളെ സാമാന്യമായി പരിചയപ്പെടാൻ അവസരം നൽകുകയും സാഹിത്യ പാരായണത്തിൽ താൽപ്പര്യം ജനിപ്പിക്കുകയും ചെയ്യുക എന്നതാണ് കോഴ്സിന്റെ ഉദ്ദേശ്യം.

**ലക്ഷ്യം:**

വിദ്യാർത്ഥികളുടെ ആസ്വാദനശേഷി വികസിപ്പിക്കുക, പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ ജീവിതം സാഹിത്യത്തിന് വിഷയമാകുന്നതെങ്ങനെയെന്ന് മനസ്സിലാക്കുക, വാണിജ്യപരമായ കത്തുകളും നിവേദനങ്ങളും തയ്യാറാക്കുന്നതെങ്ങനെയെന്ന് വിദ്യാർത്ഥികൾ പഠിക്കുക, വിവര സാങ്കേതികവിദ്യയെക്കുറിച്ച് സാമാന്യമായി അറിവ് നേടുക എന്നിവയാണ് കോഴ്സ് ലക്ഷ്യമാക്കുന്നത്.

**വിശദപഠനം:**

മൊഡ്യൂൾ 1 : നോവൽ -30 മണിക്കൂർ
തകഴി ശിവശങ്കരപിള്ള - തോട്ടിയുടെ മകൻ

മൊഡ്യൂൾ 2 : ആത്മകഥ - 14 മണിക്കൂർ
ചെറുകാട് - ജീവിതപ്പാത - ('കുടുംബം' എന്ന ഭാഗം)

മൊഡ്യൂൾ 3 : കംപ്യൂട്ടറും ഇ-ലോകവും, മലയാളം കമ്പ്യൂട്ടിംഗ് - 14 മണിക്കൂർ
വിശദപഠനത്തിന് - എം.ജി. യൂണിവേഴ്സിറ്റി പ്രസിദ്ധീകരണമായ 'എഴുത്തിന്റെ വഴികൾ' ഭാഗം 6 'യന്ത്രഎഴുത്ത്'

മൊഡ്യൂൾ 4 : നിവേദനങ്ങൾ- കത്തിടപാടുകൾ - 14 മണിക്കൂർ
വിശദപഠനത്തിന് - എം.ജി. യൂണിവേഴ്സിറ്റി പ്രസിദ്ധീകരണമായ 'എഴുത്തോല'യിലെ 9, 10 ഭാഗങ്ങൾ

**വിദ്യാർത്ഥികളിൽ ഉൽപാദിതമാകുന്ന നൈപുണികൾ:**

1. വിനിമയശേഷിയ്ക്കുള്ള ഭാഷ സ്വായത്തമാക്കുന്നു.
2. പുതിയ ഗദ്യരൂപങ്ങൾ പരിചയപ്പെടുന്നു.
4. ആത്മകഥാ പഠനത്തിലൂടെ വ്യക്തിത്വവികാസം നേടുന്നു.
5. ഭാഷയുടെ ആത്മപ്രകാശനശേഷി വിദ്യാർത്ഥികൾ സ്വായത്തമാക്കുന്നു.
6. സാങ്കേതിക വിദ്യാപഠനത്തിന്റെ ആവശ്യകത വിദ്യാർത്ഥികൾ തിരിച്ചറിയുന്നു.

**സഹായകഗ്രന്ഥങ്ങൾ:**


1. നോവൽ സാഹിത്യം - എം.പി. പോൾ
2. നോവൽ മലയാളത്തിൽ - കെ. അശോകൻ
3. കലഹവും വിശ്വാസവും - കെ.പി. അപ്പൻ
4. അന്ധനായ ദൈവം-
   മലയാളനോവലിന്റെ 100 വർഷങ്ങൾ - പി.കെ. രാജശേഖരൻ
5. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള
6. ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും - ഡോ. ഇ. ഇക്ബാൽ
7. ഇൻഫർമേഷൻ ടെക്നോളജി
   എന്ത്, എങ്ങനെ, എന്തിന് - ഡോ. ഇ. ഇക്ബാൽ, കെ. രവീന്ദ്രൻ
8. ഇൻഫർമേഷൻ ടെക്നോളജി - ഡോ. അച്യുത് ശങ്കർ എസ്. നായർ
9. ആ ലോകം മുതൽ ഇ-ലോകം വരെ - ഡോ. ജെ.വി. വിളനിലം
10. സൈബർ മലയാളം - എഡിറ്റർ: സുനിത. ടി.വി
11. ഭാവുകത്വം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ - ജി. മധുസൂദനൻ
12. ഇന്റർനെറ്റും യൂണികോഡും
    മലയാളഭാഷാപ്രശ്നങ്ങളും(ലേഖനം) - ഡോ. മഹേഷ് മംഗലാട്ട്
13. മലയാളം ബ്ലോഗുകൾ-സാധ്യതകളും
    പരിമിതികളും (ലേഖനം) - സുനിത. ടി.വി
14. മാറുന്ന മലയാളനോവൽ - കെ.പി.അപ്പൻ
15. എഴുത്തിന്റെ വഴികൾ - എം.ജി. യൂണിവേഴ്സിറ്റി
16. എഴുത്തോല - എം.ജി. യൂണിവേഴ്സിറ്റി
17. ആത്മകഥാസാഹിത്യചരിത്രം - ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ

# മൂല്യനിർണ്ണയം

| | |
|---|---|
| a) നിരന്തര മൂല്യനിർണ്ണയം | 20 മാർക്ക് |
| b) വാർഷിക മൂല്യനിർണ്ണയം | 80 മാർക്ക് |
| ആകെ | 100 മാർക്ക് |

**a) നിരന്തര മൂല്യനിർണ്ണയം**

| | |
|---|---|
| നിയോഗാഭ്യാസം | 5 മാർക്ക് |
| ക്ലാസ്സ് പരീക്ഷ | 10 മാർക്ക് |
| അറ്റൻഡൻസ് | 5 മാർക്ക് |
| ആകെ | 20 മാർക്ക് |

**b) വാർഷിക മൂല്യനിർണ്ണയം**

| നൈപുണികൾ | മാർക്ക് ശതമാനം |
|---|---|
| ഓർമ്മ | 10 % |
| വിലയിരുത്തൽ | 10 % |
| പ്രയോഗം | 10% |
| മനസ്സിലാക്കൽ | 60% |
| സർഗ്ഗാത്മകത | 10% |
| ആകെ | 100% |

# BLUE PRINT

## B.Com-Malayalam-Additional Language II Semester
## Paper I-MA2AT04B - Sahithyam-Rachana

| Module | 1 marks 6/6 | 2 marks 7/10 | 6 marks 5/8 | 15 marks 2/4 | Total 80 |
|---|---|---|---|---|---|
| Module I | 2 | 4 | 4 | 1 | |
| Module II | 1 | 2 | 1 | 1 | |
| Module III | 2 | 2 | 1 | 1 | |
| Module IV | 1 | 2 | 2 | 1 | |

## മാതൃകാ ചോദ്യപേപ്പർ ബി.എ/ബി.എസ്.സി

### സെമസ്റ്റർ ഒന്ന്, സെമസ്റ്റർ രണ്ട്

## മാതൃകാ ചോദ്യപേപ്പർ ബി.കോം

### സെമസ്റ്റർ ഒന്ന്, സെമസ്റ്റർ രണ്ട്

# സെന്റ്തെരേസാസ് കോളേജ് (ഓട്ടോണമസ്), എറണാകുളം
## ഒന്നാം സെമസ്റ്റർ ബി.എ/ ബി.എസ്.സി - 2015
## MA1AT01B -സർഗ്ഗാത്മക സാഹിത്യം - ചെറുകഥ, നോവൽ

സമയം: **3** മണിക്കൂർ | മാർക്ക്: **80**

## Part A

**I ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക?**

1. തകഴിയ്ക്കു ജ്ഞാനപീഠം നേടിക്കൊടുത്ത കൃതിയേത്?
2. 'അതായിരുന്നു ആ മാളിക ഇത്രയും നാൾ ഒഴിഞ്ഞു കിടക്കാൻ കാരണം'- കാരണമെന്ത്?
3. വാദ്ധ്യാർകഥകളുടെ ഉപജ്ഞാതാവ് ആര്?
4. 'ഓർമ്മ പോയേപ്പിന്നെ അതു തപ്പി നടപ്പാ'- എന്ത്?
5. എം. മുകുന്ദന്റെ മൂന്നു നോവലുകളുടെ പേര് എഴുതുക?
6. 'അമ്മ വരണ്ട. എനിക്ക് കുറവാണ്' - ആരുടെ വാക്കുകൾ?

**( 6x1=6)**

## Part B

**II അരപ്പുറത്തിൽ (അമ്പതു വാക്ക്) കവിയാതെ ഏതെങ്കിലും ഏഴ് ചോദ്യത്തിന് ഉത്തരം എഴുതുക?**

7. 'നടക്കാത്ത ആശ'-ആശ എന്ത്? സന്ദർഭമെഴുതുക.
8. 'അദ്ദേഹം- എന്നെ അടുത്തു വിളിച്ച് രണ്ടു കൈയ്യും തലയിൽ വെച്ച് അനുഗ്രഹിച്ചു'-ആര്? വിവരിക്കുക.
9. 'എടുത്താൽ വംശം മുടിയും'-എന്ത്?
10. 'സാറിനു പ്രേതങ്ങളെ പേടിയില്ലേ'-ആരുടെ വാക്കുകൾ? സന്ദർഭം എന്ത്?
11. 'ചരിത്രബോധം തൊട്ടു തീണ്ടിയിട്ടില്ല'- വിശദമാക്കുക?
12. "ചെവി പൊത്തിപ്പിടിച്ചുകൊണ്ട് ഗീത നടന്നകലും"- എന്തുകൊണ്ട്?
13. വെള്ളായിയപ്പന്റെ യാത്ര- എന്തിനു വേണ്ടിയായിരുന്നു?
14. 'ഞാനല്ലാതെ ആരെങ്കിലും ഉണ്ടെന്നുതന്നെ എനിക്കു വിചാരമില്ല'- ആർക്ക്?എന്തുകൊണ്ട്?
15. 'ഒന്നാന്തരമൊരാശയം തലച്ചോറിൽ കടന്നുമിന്നി'- ആശയം എന്ത്?
16. 'ഈ അവസ്ഥയിൽ നിനക്കവരെ തിരിച്ചറിയാൻ പ്രയാസമായിരിക്കും'-ആരുടെ വാക്കുകൾ ? വിവരിക്കുക?

**(7x2=14)**

## Part C

**III ഒരു പുറത്തിൽ (നൂറുവാക്ക്) കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരം എഴുതുക**

17. 'അവനു കിട്ടിയ നിധി'-എന്ത്? വിവരിക്കുക.
18. എം.ടി.യുടെ കഥകളുടെ പ്രത്യേകതകൾ 'കുട്ട്യേടത്തി' യിൽ എത്രമാത്രം കാണാനാവും? പരിശോധിക്കുക.
19. 'അജയനും സുമയും പൊയ്മുഖങ്ങൾ ധരിക്കാത്ത കുട്ടികളായി വളരും'-രഘു ഈ നിഗമനത്തിൽ എത്തുന്നത് എങ്ങനെ?
20. 'കോലാട്' എന്ന കഥയുടെ ഭാവതലം വിശദമാക്കുക?
21. എം. മുകുന്ദന്റെ 'ഡൽഹി 1981' എന്ന കഥയുടെ പ്രസക്തി എന്ത്?
22. ആധുനിക സമൂഹത്തിന്റെ പ്രശ്നങ്ങൾ -ഇ. സന്തോഷ്കുമാറിന്റെ 'മൂന്നു വിരലുകൾ' എന്ന കഥയിൽ കൈകാര്യം ചെയ്യുന്നതെങ്ങനെ?
23. 'വേരുകൾ' എന്ന നോവലിലെ 'ഗീത' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.
24. 'വ്യക്തിയുടെ മാനസിക വ്യാപാരങ്ങൾക്ക് പ്രാധാന്യം നൽകുന്ന കഥാകാരനാണ് ടി. പത്മനാഭൻ'- പരിശോധിക്കുക.

**(5x6=30)**

## Part D

**IV നാലു പുറത്തിൽ (നാനൂറ് വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരം എഴുതുക?**

25. കഥയുടെ ഭാവുകത്വപരിണാമം പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക?
26. സ്ത്രീപക്ഷചിന്തയുടെ വ്യത്യസ്തമുഖങ്ങൾ മാധവിക്കുട്ടി, സാറാജോസഫ്, പ്രിയ എ.എസ്. എന്നിവരുടെ കഥയെ ആസ്പദമാക്കി വിവരിക്കുക.
27. ആധുനിക ജീവിത സംസ്കാരം 'വേരുകൾ' എന്ന നോവലിൽ പ്രതിഫലിക്കുന്നതെങ്ങനെ?
28. നാഗരികനാകാൻ വിധിക്കപ്പെട്ട നായകന്റെ ഉള്ളിലെ ഗ്രാമചൈതന്യത്തിന്റെ വേരുകൾ അന്വേഷിക്കുകയാണ് മലയാറ്റൂർ- വിശദമാക്കുക?

**(2x15=30)**

# സെന്റ്തെരേസാസ് കോളേജ് (ഓട്ടോണമസ്), എറണാകുളം
### രണ്ടാം സെമസ്റ്റർ ബി.എ/ ബി.എസ്.സി. 2015
## MA2AT03B - സർഗ്ഗാത്മക സാഹിത്യം- മലയാള കവിത

സമയം: **3** മണിക്കൂർ മാർക്ക് : **80**

### Part A

**I ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക**

1 'അമ്പലമണി' ആരുടെ കവിതാ സമാഹാരമാണ്?
2 ചങ്ങമ്പുഴ എഴുതിയ നോവൽ ഏത്?
3 'മൂലം പിഴച്ചവനെന്നു പുരാണങ്ങൾ'- ആര്?
4 'നിർജ്ജരലോകം ഗമിച്ചാൾ'-ആര്?
5 'കുറ്റിക്കാടുകൾ മെല്ലെത്തടിപ്പൂ കാണെക്കാണെ വറ്റിപ്പോവുകയല്ലോ'- എന്താണ് വറ്റിപോകുന്നത്?
6. 'ബധിരവിലാപം' ആരുടെ കൃതിയാണ്?

**(6x1=6)**

### Part B

**II അരപ്പുറത്തിൽ (അമ്പതു വാക്ക്) കവിയാതെ ഏതെങ്കിലും ഏഴ് ചോദ്യത്തിന് ഉത്തരം എഴുതുക?**

7 'ഉത്തരം കേട്ടവാറൊന്നു നടുങ്ങി ഞാൻ, ചത്താൽ മതിയെന്നു തോന്നീയൊരുനൊടി' എന്തായിരുന്നു ഉത്തരം? നടുങ്ങിയതാര്?
8. 'ആയിരക്കണക്കിനു വെള്ളിക്കാശിങ്ങെത്തുമ്പോൾ വാലിയക്കാരത്തിതൻ കണ്ണീരോകിടങ്ങാവാൻ'? സന്ദർഭമെന്ത്?
9. 'പുഴുപോലെതുടിക്കയല്ലീ, ഹാ! പഴുതെയിപ്പോഴുമെന്നിടത്തുതോൾ' ആരുടെ ചിന്തകൾ? സന്ദർഭമെന്ത്?
10. 'രംഗം മാറി -കാലം പോയി ഭംഗം വന്നു ഭാഗ്യത്തിൽ'- എങ്ങനെ?
11. ആശാന്റെ പ്രധാന ഖണ്ഡകാവ്യങ്ങൾ-കുറിപ്പെഴുതുക.
12. 'കണ്ണുകൾ കൊണ്ടതു കണ്ടുരസിപ്പാൻ
കർണ്ണാ! കൗതുകമിയലുന്നല്ലീ'? പരാമർശമെന്ത്?
13. 'ഒരു താരകയെക്കാണുമ്പോളതു രാവുമറക്കും' - പരാമർശമെന്ത്?
14. വള്ളത്തോൾ കൃതികൾ- കുറിപ്പെഴുതുക.
15. 'പുള്ളിയീമട്ടാണു ഭാഷണം'ചെന്നു സബ്ബിൻസ്പെക്ടറോടു പരാതിപറഞ്ഞുഞാൻ' -സന്ദർഭമെന്ത്?
16. 'ആധുനിക കവിത'- കുറിപ്പെഴുതുക.

**( 7x2=14)**

### Part C

**III ഒരു പുറത്തിൽ (നൂറ് വാക്ക്) കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരം എഴുതുക?**

17. 'പാവം മാനവഹൃദയം' എന്ന സുഗതകുമാരിക്കവിതയുടെ സാംഗത്യമെന്ത്?
18. അച്ഛനും മകളും' എന്ന കവിതയ്ക്കൊരാസ്വാദനം തയ്യാറാക്കുക.
19. 'കപിവരരൊടമിതബലസഹിതമുരചെയ്തിതു'- എന്താണ് ഉര ചെയ്തത്?
20. 'സംക്രമണം' എന്ന കവിതയിലെ സ്ത്രീപക്ഷചിന്തകൾ ക്രോഡീകരിക്കുക.
21. 'മൃഗശിക്ഷകൻ' എന്ന ഇമേജിന്റെ സാംഗത്യം പരിശോധിക്കുക'
22. 'മനസിനി' എന്ന കവിതയുടെ കാവ്യഭംഗി വിശകലനം ചെയ്യുക.
23. 'കുഞ്ചൻനമ്പ്യാരുടെ ഭാഷാശൈലി' -ഉപന്യസിക്കുക.
24. 'ചിന്താവിഷ്ടയായ സീത' ഒരു സ്ത്രീപക്ഷകവിതയോ? നിരൂപിക്കുക.

**( 5x6=30)**

## Part D

**IV നാലു പുറത്തിൽ (നാനൂറ് വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരം എഴുതുക.**

25. 'പഴയ കവിതകളുടെ പുനർനിർമ്മാണമാണ് 'വാഴക്കുല' എന്ന കവിത'- ഈ അഭിപ്രായം പരിശോധിക്കുക.
26. 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' എന്ന കവിത മുന്നോട്ടു വയ്ക്കുന്ന മാനവികദർശനമെന്ത്?
27. എഴുത്തച്ഛന്റെ ഭാഷാശൈലി 'സുന്ദരകാണ്ഡം' എന്ന കാവ്യഭാഗം ആസ്പദമാക്കി വിവരിക്കുക.
28. 'കവിതയും സാമൂഹിക വിമർശനവും'-ഉപന്യസിക്കുക

**(2x15=30)**

# സെന്റ് തെരേസാസ് കോളേജ് (ഓട്ടോണമസ്), എറണാകുളം

## മൂന്നാം സെമസ്റ്റർ ബി.എ/ബി.എസ്.സി–2015

## MA3AT05B ദൃശ്യകലാസാഹിത്യം

സമയം: 3 മണിക്കൂർ

മാർക്ക് : 80

## Part A

**I ഒരുവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക**

1. മലയാളത്തിലെ ആദ്യത്തെ അനുവർത്തന സിനിമ ഏത് ?
2. 'മിന്നിച്ചിന്നുന്ന തേജസ്സു മന്നിടത്തിലുദിക്കുമോ' - ആരുടെ വാക്കുകൾ ?
3. 'കഥകളിയുടെ രംഗപാഠചരിത്രം' എന്ന കൃതിയുടെ കർത്താവ് ആര് ?
4. 'മുദ്രാരാക്ഷസം' ആരുടെ നാടകമാണ് ?
5. 'ധൂർത്തനല്ല ദൃഢമാർത്തബന്ധുവത്രേ' - ആര് ?
6. 'നളചരിതം ആട്ടക്കഥ' യുടെ മൂലകഥ ഏത് ?

**(6x1=6)**

## Part B

**II അരപ്പുറത്തിൽ (അമ്പതു വാക്ക്) കവിയാതെ ഏതെങ്കിലും ഏഴ് ചോദ്യത്തിന് ഉത്തരം എഴുതുക?**

7. "ഭിന്നിച്ചകാറ്റത്തു നയിച്ചിടുമ്പോൾ
ചിന്നും കൊടിക്കുള്ളൊരു കൂറപോലെ" - സന്ദർഭമെന്ത് ?
8. 'ദൂരെയിരുന്നാൽ നേരറിയാമോ?
ചാരെ ചെന്നങ്ങാരായേണം' -ആരുടെ വാക്കുകൾ ?
9. 'രണ്ട് പറ നെല്ലും നാഴിവെളിച്ചെണ്ണേം കൊണ്ട് മാസം കഴിയ്യോ? - വിശദീകരിക്കുക
10. 'ചിത്രത്തിലാദ്യമെഴുതീട്ടുയിർ ചേർത്തതാമോ'? - ഇപ്രകാരം അതിശയിക്കുന്നത് ആര്?
11. 'മരത്തിനിടയിൽ കാണാമേ/സുന്ദരത്തിനുടെ സാദൃശ്യേയം' - വിവരിക്കുക ?
12. തിരക്കഥയും സിനിമയും തമ്മിലുള്ള ബന്ധം എന്ത്?
13. 'ശേഷമെന്നോടിതശേഷവും പറക' -ആരുടെ വാക്കുകൾ? വിശദീകരിക്കുക?
14. 'വല്ല കൈക്കോട്ട് കിളയ്ക്കാനോ തേവാനോ പോയാലും ഇതിലും ഭേദമാണ്'
-സന്ദർഭം എഴുതി വിവരിക്കുക?
15. 'വിശാഖനക്ഷത്രം രണ്ടും ചന്ദ്രലേഖയെ അനുവർത്തിക്കുന്നതിൽ ആശ്ചര്യം വല്ലതും ഉണ്ടോ'?
- വിശദീകരിക്കുക
16. 'കള്ളപ്പേര് വച്ച് പ്രസിദ്ധപ്പെടുത്തണോർക്ക് എന്തു കള്ളത്തരാ എഴുതാൻ വയ്യാത്തത്' - ആരുടെ വാക്കുകൾ? വിവരിക്കുക

**(7x2=14)**

## Part C

**III ഒരു പുറത്തിൽ (നൂറു വാക്ക്) കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരം എഴുതുക?**

17. 'വെളിച്ചപ്പാടി'ന്റെ ജീവിത ജയപരാജയങ്ങൾ സിനിമയിൽ പ്രതീകവൽക്കരിക്കുന്നത് എങ്ങനെ?
18. 'കുടുക്ക' എന്ന നാടകത്തിന്റെ സാമൂഹ്യപ്രസക്തി എന്ത്?
19. സ്ത്രീ വിമോചനത്തിന്റെ ശക്തമായ അന്തർധാര 'തൊഴിൽ കേന്ദ്രത്തിലേയ്ക്ക്' എന്ന നാടകത്തിൽ കാണാം - വിശദീകരിക്കുക?
20. ശാകുന്തളം നാലാം അങ്കത്തിലെ പ്രകൃതിവർണ്ണന - വിവരിക്കുക?
21. "വാതിച്ചോർക്കും പ്രാണാപായേ
ജാതിച്ചോദ്യം വേണ്ടാതൊടുവാൻ" - സന്ദർഭമെഴുതി വിശദീകരിക്കുക?
22. കാശ്യപമഹർഷി ശകുന്തളയ്ക്കു നൽകുന്ന ഉപദേശങ്ങൾ എന്തെല്ലാം?
23. 'മൊണ്ടാഷ്' എന്ന സങ്കേതം നിർമ്മാല്യത്തിൽ ഉപയോഗിച്ചിരിക്കുന്നവിധം
ഉദാഹരണസഹിതം വിവരിക്കുക?
24. 'നിർമ്മാല്യം' എന്ന സിനിമയിലെ വെളിച്ചത്തിന്റെ സന്നിവേശം- വിവരിക്കുക?

**(5x6=30)**

## Part D

**IV നാലുപുറത്തിൽ (നാനൂറ് വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് എണ്ണത്തിന് ഉത്തരം എഴുതുക**

25. മലയാളനാടകസാഹിത്യചരിത്രത്തിൽ 'തൊഴിൽകേന്ദ്രത്തിലേയ്ക്ക്' എന്ന നാടകത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക ?
26. നിർമ്മാല്യം: സിനിമയും തിരക്കഥയും - വിശദീകരിക്കുക.?
27. അഭിജ്ഞാന ശാകുന്തളത്തിലെ കഥാപാത്രസൃഷ്ടിയുടെ മേന്മ വിവരിക്കുക?
28. ഉണ്ണായിവാര്യരുടെ ഭാഷ, കാട്ടാളന്റെ സ്വഭാവം എന്നിവ പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക?

**(2x15=30)**

# സെന്റ്തെരേസാസ് കോളേജ് (ഓട്ടോണമസ്), എറണാകുളം

**ഒന്നാം സെമസ്റ്റർ ബി.കോം - 2015**

## MA1AT02B - സർഗ്ഗാത്മകസാഹിത്യം - ചെറുകഥ, കവിത

സമയം: 3 മണിക്കൂർ | മാർക്ക്: 80

### Part A

**I ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.**

1. 'അധ്യാപക കഥാകാരൻ' എന്നറിയപ്പെടുന്നതാര്?
2. 'കുരുക്ഷേത്രം' ആരുടെ കവിതയാണ്?
3. മാധവിക്കുട്ടിയുടെ ആത്മകഥയുടെ പേരെന്ത്?
4. 'നിന്റെയീ മൗനസ്വപ്ന - നൗകയിലേറ്റിടുന്നു രണ്ടുവാക്കുകൾ മാത്രം' എന്തായിരുന്നു വാക്കുകൾ?
5. 'കയ്യിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ സമയം അറിഞ്ഞു'- ആര്?
6. 'ജീവിതസൗന്ദര്യ വല്ലകിമീട്ടലല്ലെന്റെ ലക്ഷ്യം' എന്നു പാടിയ കവി?

**(6x1=6)**

### Part B

**II അരപ്പുറത്തിൽ (അമ്പതുവാക്ക്) കവിയാതെ ഏതെങ്കിലും ഏഴ് ചോദ്യത്തിന് ഉത്തരം എഴുതുക.**

7. 'വീടാത്തകടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അതങ്ങനെതന്നെയിരിക്കട്ടെ.'- സന്ദർഭം വിശദമാക്കുക
8. 'അവർ ആ അറിവിലെത്തി വഴിമുട്ടി നിന്നു' ആര്? ഏതറിവ്?
9. 'ഒരു പട്ടിയെപ്പോലെയാണ് ഞാനിതുചെയ്തത്' - എന്താണു ചെയ്തത്?
10. 'കല്ക്കത്തയിൽ വന്നിട്ട് ഒരാഴ്ച കഴിഞ്ഞപ്പോഴാണ് അവൾ ആ പരസ്യം രാവിലെ വർത്തമാനക്കടലാസിൽ കണ്ടത്'- ഏത് പരസ്യം?
11. 'താനെന്തിനുവന്നു ഈ ചെകുത്താന്റെ വീട്ടിൽ' - സന്ദർഭം വിശദമാക്കുക.
12. 'സ്നേഹമോ, ഇത് സ്നേഹമാണോ?' സന്ദർഭം എഴുതുക
13. 'കാലം കുറഞ്ഞദിനമെങ്കിലുമർത്ഥദീർഘം<br>മാലേറെയെങ്കിലുമതീവ മനോഭിരാമം' - ഈ വരികളുടെ സാംഗത്യമെന്ത്?
14. 'ഖേദിക്കകൊണ്ടുഫലമില്ല; നമുക്കതല്ല<br>മോദത്തിനും ഭുവി വിപത്തുവരാം ചിലപ്പോൾ' - ആശയം വിശദമാക്കുക.
15. 'മകനേ, ഈ പൊതിച്ചോറ് നിന്റെ അമ്മ എനക്കുവേണ്ടി പൊതിഞ്ഞതാണ്' -ആരുടെ വാക്കുകൾ ? സന്ദർഭമെന്ത്?
16. 'അത് തന്നോടുതന്നെയായി പറഞ്ഞുതുടങ്ങി. ഇരുട്ടിന്റെ തണൽ തനിക്കുണ്ടായിരുന്നെങ്കിൽ' - ആരുടെതാണീ ആത്മഭാഷണം? സന്ദർഭമെന്ത്?

**(7X2=14)**

### Part C

**III ഒരുപുറത്തിൽ (നൂറുവാക്ക്) കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരം എഴുതുക.**

17. 'സഖിയോട് ചിരിക്കുവാനായ് ഓർക്കുവാൻ' കവി പറയുന്ന കാര്യങ്ങളേവ?
18. 'പൊതിച്ചോറ്' എന്ന കഥയുടെ പ്രമേയവും പ്രസക്തിയും പരിശോധിക്കുക.
19. 'സന്ദർശനം' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.
20. 'എം.ടി.യുടെ കഥകൾ'-ഉപന്യസിക്കുക.
21. 'കാടെവിടെ മക്കളേ'-യുടെ കാലികപ്രസക്തി പരിശോധിക്കുക.
22. 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിലെ സ്ത്രീപക്ഷചിന്തകൾ സംഗ്രഹിക്കുക.
23. 'നഷ്ടപ്പെട്ടു പൊയ്ക്കൊണ്ടിരിക്കുന്ന ചിലതിന്റെ ഓർമ്മപ്പെടുത്തലുകൂടിയാണ് പി.പി.രാമചന്ദ്രന്റെ കവിത്' - ഈ അഭിപ്രായം പരിശോധിക്കുക.
24. വൈലോപ്പിള്ളിക്കവിതകളുടെ സവിശേഷതകൾ ചുരുക്കി പ്രതിപാദിക്കുക.

**(5x6=30)**

## Part D

**IV നാലുപുറത്തിൽ (നാനൂറ് വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരം എഴുതുക.**

25. 'ജീവിതത്തിന്റെ നശ്വരത' വീണപൂവ് എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
26. അയ്യപ്പപ്പണിക്കരുടെ കവിതയിലെ പരിസ്ഥിതിചിന്തകൾ പ്രതിപാദിക്കുക.
27. 'ഒരിടത്ത്' എന്ന കഥ ഉയർത്തുന്ന വെല്ലുവിളികൾ ഏവ?
28. 'ബഷീർ കഥകൾ'-ഉപന്യസിക്കുക

**(2x15=30)**

# സെന്റ് തെരേസാസ് കോളേജ് (ഓട്ടോണമസ്), എറണാകുളം

**രണ്ടാം സെമസ്റ്റർ ബി.കോം - 2015**

## MA2AT04B - സാഹിത്യം, രചന

സമയം: 3 മണിക്കൂർ മാർക്ക്: 80

### Part A

**I ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക.**

1. മലയാളത്തിലെ ആദ്യലക്ഷണമൊത്ത നോവൽ ഏത്?
2. തകഴിക്ക് ജ്ഞാനപീഠം അവാർഡ് നേടിക്കൊടുത്ത കൃതിയേത്?
3. 2014-ൽ വയലാർ അവാർഡു ലഭിച്ച കൃതിയേത്?
4. ബൈനറി സമ്പ്രദായത്തിന്റെ ഉപജ്ഞാതാവ് ആര്?
5. മലയാളത്തിലെ ആദ്യത്തെ ബ്ലോഗ് ഏത്?
6. മാധവിക്കുട്ടിയുടെ ആത്മകഥയുടെ പേര് എന്ത്?

**(6x1= 6)**

### Part B

**II അരപ്പുറത്തിൽ (അമ്പതുവാക്ക്) കവിയാതെ ഏതെങ്കിലും ഏഴ് ചോദ്യത്തിന് ഉത്തരം എഴുതുക.**

7. ബ്ലോഗ്സാഹിത്യം എന്നാൽ എന്ത്?
8. "എന്റെ മോന് ഈ ചോറ് എന്നും ഉണ്ണാൻ ഇടയാക്കണേ- ആരുടെ വാക്കുകൾ? വിവരിക്കുക.
9. ഇ-വായന എന്നാലെന്ത്?
10. 'അതൊരത്ഭുതമായി ഹോട്ടലിലെ ജോലിക്കാരനുതോന്നി'- ഏത്? എന്തുകൊണ്ട്?
11. വിക്കിപീഡിയ - കുറിപ്പെഴുതുക?
12. 'ചൂടുള്ള ഒരുത്തരം അവന്റെ ഉള്ളിൽ ഇളകി'-എന്തുകൊണ്ട്?
13. 'തന്റെ തെറ്റിന് എല്ലാവരെയും അപരാധികളാക്കുന്നതെന്തിന്'- ആരുടെ വാക്കുകൾ?തെറ്റ് എന്ത്?
14. 'അത് എനിക്കു ഞാനീ പറേന്നതിന് എല്ലാ മാസത്തിലുമൊള്ളതാ'- ഏത്? എന്തുകൊണ്ട്?
15. പിൻകോഡ് - കുറിപ്പെഴുതുക?
16. മെഡിക്കൽ റെപ്രസന്റേറ്റീവിനെ ജോലിക്ക് ആവശ്യമുള്ളതായി കാണിച്ചുകൊണ്ട് ബോക്സ് പരസ്യം തയ്യാറാക്കുക?

**(7x2= 14)**

### Part C

**III ഒരുപുറത്തിൽ (നൂറു വാക്ക്) കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരം എഴുതുക.**

17. 'ചുടലമുത്തു വളരെ കാര്യങ്ങൾ പഠിച്ചു'-പഠിച്ചതെന്തെല്ലാം? വിശദീകരിക്കുക.
18 'അങ്ങനെ ഒരു വർഗ്ഗബോധമുണർന്നു'-എങ്ങനെ? വിശദീകരിക്കുക.
19 അദ്ധ്യാപക ജോലിക്കായി അപേക്ഷ തയ്യാറാക്കുക.
20. 'നന്നാകാൻ ആശയുള്ളവനെ സഹായിക്കണം'- ആരെ? സഹായം സംഘത്തെ തകർക്കുന്നത് എങ്ങനെ ?
21. 'പ്രിയതരമായ എന്തോ ഒന്ന് അവർക്കു നഷ്ടമായതുപോലെ തോന്നി' -എന്ത്? എന്തുകൊണ്ട്?
22. കത്തുകളിൽ പാലിക്കേണ്ട ധർമ്മങ്ങൾ എന്തെല്ലാം?
23. സ്വകാര്യ നിവേദനം തയ്യാറാക്കുക.
24. 'അതൊരു ഭീകര സത്യമാണ്'- സത്യമെന്ത്? സത്യത്തെ അതിജീവിക്കുന്നതിനുള്ള ശ്രമങ്ങൾ എന്തെല്ലാം?

**(5x6= 30)**

## Part D

**IV നാലുപുറത്തിൽ (നാനൂറ് വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരം എഴുതുക.**

25. പുറമ്പോക്കു താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനെക്കുറിച്ച് ജില്ലാ കലക്ടർക്ക് നിവേദനം നൽകുക?
26. അവഗണിക്കപ്പെട്ടവന്റെ കഥയോടൊപ്പം സാമൂഹ്യവിപ്ലവത്തിന്റെ തത്ത്വശാസ്ത്രവും 'തോട്ടിയുടെ മകനി'ൽ കാണാം- പരിശോധിക്കുക.
27. കത്തുകൾ എത്രവിധം? ഏതെല്ലാം? വാണിജ്യപരമായ കത്ത് എഴുതുക?
28. 'കമ്പ്യൂട്ടറും മലയാളവും' എന്ന വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക?

**(2x15=30)**